# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ 2165** **23.03.2012 ൽ മറുപടിക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആഡിറ്റിംഗ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ഡോ.എം.കെ.മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ആഡിറ്റിംഗിനു ശേഷം കണ്ടെത്തിയിട്ടുള്ള അക്കൗണ്ടിംഗിലെ ന്യൂനതകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | എ) 01.04.2006 മുതൽ ഗ്രാമ പഞ്ചായത്തുകളിൽ ഒരു പൊതു അക്കൗണ്ടിംഗ് സിസ്റ്റം നിലവിൽ വന്നു. പ്രസ്തുത അക്കൗണ്ടിംഗ് സിസ്റ്റം, സിംഗിൾ എൻട്രി സിസ്റ്റവും ക്യാഷ് ബെയ്സ്ഡ് സിസ്റ്റവും ആയിരുന്നു. ഗ്രാമ പഞ്ചായത്തിന്റെ വരവും ചെലവും മാത്രമേ രജിസ്റ്ററുകളിൽ പ്രതിഫലിക്കുമായിരുന്നുള്ളൂ. തുടർന്നു ഗ്രാമ പഞ്ചായത്തുകളുടെ അക്കൗണ്ടിംഗ് സംവിധാനം കുറ്റമറ്റതാക്കുന്നതിനു വേണ്ടി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും അക്കൗണ്ടന്റുമാരെ നിയമിച്ചു. തത്ഫലമായി ഗ്രാമ പഞ്ചായത്തുകളിലെ അക്കൗണ്ടുകൾ ഏറെക്കുറെ ആധികാരികമാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ 2010-11 ലെ വാർഷിക ധനകാര്യ പത്രിക എല്ലാ ഗ്രാമ പഞ്ചായത്തുകളും ആഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ |

| | |
|---|---|
| | എല്ലാ വരവുകളും ചെലവുകളും കൃത്യമായി പോസ്റ്റ് ചെയ്യാൻ നിലവിലുള്ള സംവിധാനം പര്യാപ്തമല്ല. 01.04.2011 മുതൽ പഞ്ചായത്തുകളിൽ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് സംവിധാനമായ "സാംഖ്യാ സോഫ്റ്റ്‌വെയർ" നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത സോഫ്റ്റ് വെയറിൽ ഡബിൾ എൻട്രി സിസ്റ്റമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിലൂടെ അസറ്റ്/ലയബിലിറ്റി അക്കൗണ്ടിംഗ് സിസ്റ്റം നിലവിൽ വരും. |
| ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രൊഫഷൻ ടാക്സ്, പ്രോപ്പർട്ടി ടാക്സ് എന്നിവ സംബന്ധിച്ച ഡി.സി.ബി.സ്റ്റേറ്റ്മെന്റുകളിൽ വൈരുദ്ധ്യം കണ്ടെത്തിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | ബി) ശ്രദ്ധയിൽപെട്ടിട്ടില്ല. |
| സി) സിനിമാ തിയേറ്ററുകളിൽ നിന്നുള്ളതുൾപ്പെടെയുള്ള വിനോദ നികുതി-കളക്ഷനിലുള്ള അപാകതകളും, കളക്ട് ചെയ്യുന്ന നികുതി അക്കൌണ്ട് ചെയ്യുന്നതിലെ അപാകതകളും മൂലം സ്ഥാപനങ്ങളുടെ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നതായും വെട്ടിപ്പിന് വഴി വെയ്ക്കുന്നതായുമുള്ള റിപ്പോർട്ടുകൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നല്കാമോ; | സി) പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. സിനിമാ തിയേറ്ററുകളിൽ നിന്നുള്ളതുൾപ്പെടെയുള്ള വിനോദ നികുതി കളക്ഷനിൽ വരെയധികം കുറവ് വന്നിട്ടുണ്ട്. ഈ വിഷയം പരിശോധിച്ചു വരുന്നു. |
| ഡി) പരസ്യ നികതി ഇനത്തിൽ നിയമപ്രകാരം പിരിവ് നടത്താത്തത് അഴിമതിയ്ക്ക് വഴി വയ്ക്കുന്നതായും നിയന്ത്രണമില്ലാതെ പരസ്യ ബോർഡുകളും പോസ്റ്ററുകളും വലിയ ഹോർഡിംഗുകളും വഴി വക്കിലുടനീളം വച്ച് പൊതു സ്ഥലങ്ങൾ വൃത്തി ഹീനമാക്കുന്നതിനു പുറമെ അപകടങ്ങൾക്കും ഇടയാക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; അടിയന്തിര | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് രാജ് ആക്റ്റ് 1994-ലെ സെക്ഷൻ 209 പ്രകാരവും 1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കുന്നതിനുള്ള നടപടി ക്രമം) ചട്ടങ്ങളും അനുസരിച്ച് എല്ലാ ഗ്രാമ പഞ്ചായത്തുകളും ബൈലോ ഉണ്ടാക്കേണ്ടതും |

പരിഹാര നടപടി സ്വീകരിക്കുമോ ?

അതനുസരിച്ച് പരസ്യ നികുതി ഈടാക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 209 സി അനുസരിച്ച് അനധികൃതമായ പരസ്യങ്ങൾ നീക്കം ചെയ്യേണ്ടത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതലയാണ്. കേരളത്തിൽ വളരെ കുറച്ച് ഗ്രാമപഞ്ചായത്തുകൾ മാത്രമേ പരസ്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള ബൈലോയ്ക്ക് രൂപം നല്കിയിട്ടുള്ളൂ. എല്ലാ ഗ്രാമ പഞ്ചായത്തുകളും ബൈലോ രൂപീകരിക്കുന്നതു വഴി അനധികൃത പരസ്യങ്ങൾക്ക് നിയന്ത്രണം സാദ്ധ്യമാകുന്നതാണ്.

**സെക്ഷൻ ഓഫീസർ**